Draft #2 of File 7246/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Mar-2020 03:06 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സംസ്ഥാനത്ത് കൊറോണ വൈറസ് സ്ഥിരീകരിച്ചിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തെ പ്രൊഫഷണൽ പ്രോഗ്രാമുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 31.03.2020 വരെ സംസ്ഥാന സർക്കാർ അവധി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിലും സർവ്വകലാശാല പഠനവകുപ്പുകളുടെ അവധി പുനക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1591/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.03.2020

---

*പരാമർശം:*-1. വൈസ് ചാൻസിലറുടെ, രജിസ്ട്രാർക്കുള്ള കുറിപ്പ് നം. വി.സി.702/01/036/2020 തീയതി 13.03.2020

**ഉത്തരവ്**

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ്19) സ്ഥിരീകരിച്ചിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തെ പ്രൊഫഷണൽ പ്രോഗ്രാമുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 31.03.2020 വരെ സംസ്ഥാന സർക്കാർ അവധി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിലും സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 3 വകുപ്പ് 20 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന ഏപ്രിൽ 15 മുതൽ ജൂൺ 15 വരെയുള്ള സർവ്വകലാശാല പഠനവകുപ്പുകളുടെ അവധി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെപ്പറയും പ്രകാരം പുനക്രമീകരിച്ചു കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാല പഠനവകുപ്പുകൾക്ക് മാർച്ച് 16 മുതൽ 31 വരെ അവധിയായിരിക്കും.

2. ഇതനുസരിച്ച് നഷ്ടപ്പെടുന്ന അദ്ധ്യയന ദിനങ്ങൾക്ക് പകരമായി ഏപ്രിൽ 15 മുതൽ 30 വരെ അദ്ധ്യയന ദിവസങ്ങൾ ആയും സർവകലാശാല പഠന വകുപ്പുകളുടെ വാർഷിക അവധി ഇത്തവണത്തേയ്ക്ക് മെയ് 1 മുതൽ ജൂൺ 15 വരെയായും നിജപ്പെടുത്തിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട പഠനവകുപ്പുകൾക്ക്
2. വി.സി /പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ
4.ജെ ആർ /ഡി ആർ / എ ആർ (പരീക്ഷ വിഭാഗം /അക്കാദമിക് വിഭാഗം)
5. എസി.സി1 /എസി.സി2
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7.ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 7246/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Mar-2020 03:06 PM - Page 2